# ചെങ്ങളം ഗദ്സെമനനല്ലഇടയൻ

ക്നാനായ മലങ്കര കത്തോലിക്കാ പള്ളി.

___________________________________

ഈ പള്ളിയുടെ ഉത്ഭവത്തിനും കൊച്ചപ്പാൻ എന്ന് അന്നാട്ടിൽ എല്ലാവരും അഭിസംബോധന ചെയ്തിരുന്ന നെടുംചിറ തൊമ്മൻ ഉതുപ്പ് എന്ന പിതാവാണ് മുൻകൈ എടുത്തത്. അദ്ദേഹം മറ്റാരുമല്ല, പുനരൈക്യത്തിനു വേണ്ടി ജീവിച്ചു വേദസാക്ഷിയായി മരിച്ച നെടുംചിറ ലൂക്കോസ് ബ്രദറിന്റെയും, മോൺസിഞ്ഞോർ ജയിക്കബ് അച്ചന്റെയും പിതാവാണ്. അദ്ദേഹം തെക്കുംഭാഗ യാക്കോബായക്കാരിൽ അറിയപ്പെടുന്ന ഒരു അത്മായ നേതാവുമായിരുന്നു. തെക്കുംഭാഗ യാക്കോബായക്കാരുടെ ഇടവക കോട്ടയം വലിയപള്ളിയായിരുന്നു. ഇടവക പള്ളിയിൽ പോകുന്നത് ബുദ്ധിമുട്ടായിരുന്നതിനാൽ സൗകര്യാർത്ഥം ഇവർ തങ്ങളുടെ സാധാരണ ആത്മീയ കാര്യങ്ങൾക്കായി ചെങ്ങളം സെന്റ് തോമസ് യാക്കോബായ പള്ളിയേ ആണാശ്രയിച്ചിരുന്നത്. അവിടെ ഇവർക്കു നല്ല സ്ഥാനവും ഉണ്ടായിരുന്നു.കൊച്ചപ്പാന്റെ മറ്റൊരു പുത്രനായിരുന്ന മാറാണൂർ എബ്രഹാം എന്ന അധ്യാപകൻ ആ പള്ളിയിലെ മുഖ്യ വേദപാരയണക്കാരൻ ആയിരുന്നു.
എങ്കിലും ചെങ്ങളത്തിൽ തങ്ങളുടേതായ ഒരു പള്ളി വേണമെന്നു
കൊച്ചപ്പാൻ ആഗ്രഹിച്ചു.ഇതേ സംബന്ധിച്ച് തന്റെ കുടുംബക്കാരുമായി ആലോചിച്ചു പള്ളി നിർമ്മാണത്തിനായി ഒരു കമ്മറ്റി രൂപികരിക്കുകയും ചെയ്തു. ആയതിലേക്കായി മാറാണൂർ അബ്റാഹാമിന്റെ നേതൃത്വത്തിൽ ഒരു ഫണ്ട് ശേഖരിക്കുകയു ചെയ്തു. ഇപ്രകാരം ഫണ്ടുശേഖരിച്ചതിനു ശേഷം മറ്റു തെക്കുംഭാഗ കുടുംബക്കാരുമായികൂടി ആലോചിച്ച്, ചെങ്ങളത്തിൽ ഒരു തെക്കുംഭാഗ യാക്കോബായ

പള്ളി പണിയണമെന്ന് സംയുക്ത തീരുമാനം എടുക്കുകയും ചെയ്തു.

അതിനായി കൊച്ചപ്പാൻ തന്റെ സ്വന്തം സ്ഥലമായ കൊടുവത്ര പുരയിടത്തിൽ പള്ളി പണിയുന്നതിനായി സർക്കാരിൽ അപേക്ഷ സമർപ്പിച്ചു.കൊടുവത്രപുരയിടം ജന്മിവക പുരയിടമായതിനാൽ പള്ളി പണിയുന്നതിനു അനുവാദം ലഭിച്ചില്ല. തന്റെ മറ്റൊരു പുരയിടമായ ചിറപ്പുറമ്പിൽ പള്ളി പണിയുന്നതിനു വീണ്ടും അപേക്ഷിച്ചു. എന്നാൽ ആ പുരയിടത്തോടു ചേർന്നു കിടന്ന നിലത്തിന്റെ ഉടമകളായ കോവിലകത്തു തമ്പുരാക്കന്മാർ എതിർത്തതിനാൽ അപേക്ഷ നിരസ്സിച്ചു. എങ്കിലും നിരാശനാകാതെ അദ്ദേഹം കൊക്കാട്ടായ ചിറപ്പുറമ്പിൽ പോത്തൻ ചെറിയാനോട് വിശാലമായ അമ്പതിൽചിറ പാടശേഖരത്തിൽ നിന്ന് ആറു പറ കണ്ടം(നിലം) വിലക്കുവാങ്ങി. അതു മണ്ണിട്ടു നികത്തി പുരയിടമാക്കി അതിൽ പള്ളി പണിയുന്നതിന് വീണ്ടും അപേക്ഷ സമർപ്പിച്ചു. അയൽനിലത്തിന്റെ ഉടമകളായ കോവിലകത്തു തമ്പുരാക്കന്മാർ അതിനും എതിർ പത്രിക കൊടുത്തു. ചുറ്റുപാടും ആൾപാർപ്പില്ല എന്നു ബോധിപ്പിച്ചതു സ്വീകരിച്ച് സർക്കാർ പള്ളി പണിക്കനുവാദം നല്കി. അനുവാദം ലഭിച്ച വിവരം അഭിവന്ദ്യ സേവേറിയോസ് മെത്രാപ്പോലീത്തായെ അറിയിച്ചു.തിരുമനസ്സുകൊണ്ട് ശീമയിൽ നിന്നും വന്ന ഒരു റമ്പാച്ചനെ ചെങ്ങളത്തിലേക്ക് കല്പിച്ചനുവദിച്ചു ചെങ്ങളത്തിലേക്കു വിട്ടു.ആ വന്ദ്യ റമ്പാച്ചൻ 1919 സെപ്റ്റംബർ 8 നു ചെങ്ങളം തെക്കുംഭാഗ യാക്കോബായ സുറിയാനി പള്ളിക്ക് തറക്കല്ലിട്ടു.കുടുംബയോഗം സ്വരൂപിച്ച തുകക്കു പുറമേ പനയിടത്തുശേരിയിൽ മാത്തൂ ഉതുപ്പാൻ നൽകിയ നൂറു രൂപയുമായിരുന്നു പള്ളി പണിയുടെ മൂലധനം. ഈ നൂറു രൂപയാണ് പിന്നീടുണ്ടായ കേസുകളുടെ ഒത്തുതീർപ്പിനായി മൂന്നുറു രൂപയായി തിരികെ കൊടുത്തത്.

ദീർഘവീക്ഷണമുണ്ടായിരുന്ന സ്ഥാപക പിതാവ് തന്റെ ആറാമത്തെ പുത്രനായ കുഞ്ഞാക്കോയെ വൈദിക പഠനത്തിനു വിട്ടു.കോട്ടയം വലിയപള്ളിയിൽ വച്ച് അഭിവന്ദ്യ സേവേറിയോസ് തിരുമേനി കുഞ്ഞായ്ക്കോക്ക് യാക്കോബു ശെമ്മാശനായി പട്ടം കൊടുത്തു.തുടർ പഠനത്തിനായി പാമ്പാക്കട ദയറായിൽ കോനാട്ട് മല്പാനച്ചന്റെ ശിക്ഷണത്തിനു അയക്കകയും ചെയ്തു.

പള്ളിക്കു തറക്കല്ലിട്ട ശേഷം കൊച്ചപ്പാൻ തന്റെ പുത്രനായ പുന്നാപ്ലിശേരിയിൽ ഉതുപ്പ് ഇട്ടിയേയും പിതൃസഹോദര പുത്രനായ വാടക്കകെത്തു തോമസ് എബ്രഹാമിനേയുമാണ് പള്ളി പണിയുടെ പ്രധാന ചുമതല ഏൽപ്പിച്ചത്.

ഈ കാലഘട്ടത്തിൽ കൊച്ചപ്പാന്റെ ഏഴാമത്തെ പുത്രനായ ലൂക്കോസ് രഹസ്യമായി കത്തോലിക്കാ സഭയേപ്പറ്റി ആഴത്തിൽ പഠിച്ചു കൊണ്ടിരിക്കുകയായിരുന്നു. ഇതു മനസ്സിലാക്കിയ കുടുംബക്കാർ ലൂക്കോസിനെ പിൻതിരിപ്പിക്കുവാനായി കൽക്കട്ടായിലെ സെറാമ്പൂർ ബൈബിൾ കോളേജ്, കോട്ടയംCNIബൈബിൾ സ്കൂൾ, പെരുനാട് ബഥനി ആശ്രമം എന്നിവിടങ്ങളിലും അയച്ചിരുന്നത് ഈ ലേഖകന്റെ "പുനരൈക്യത്തിന്റെ വേദസാക്ഷി"യെന്നമറ്റൊരു ലേഖനത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുള്ളതാണ്. (അപനാദേശ് 22-12-2019) ലൂക്കോസിന്റെ പുനരൈക്യവും മരണവും കുംബത്തിനു പ്രേരണയായി.
ഈ പശ്ചാത്തലത്തിൽ പണിതു കൊണ്ടിരിക്കുന്ന പള്ളി യാക്കോബായക്കാരടേതാണെന്നും അവർക്കു വിട്ടുകൊടക്കണമെന്നും പറഞ്ഞ് പനയിടത്തുശ്ശേരിയിൽ ഉതുപ്പാൻകുന്നത്തിൽ കുഞ്ഞു തോമ എന്നിവർ കേസു കൊടുത്തു. അന്വേഷണം വരുമെന്നറിഞ്ഞ കുഞ്ഞപ്പാൻ

ഉടനെ തന്നെ പണിതു കൊണ്ടിരിക്കുന്ന പള്ളിക്കു സമീപമുള്ള തന്റെ സ്ഥലത്ത് പെട്ടെന്നൊരു കെട്ടിടം നിർമ്മിക്കുകയും ആയിടക്കു കോട്ടയം കത്തോലിക്കാ ബിഷോപ്പ് മാർ ചൂളപ്പറമ്പിൽ പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചയക്കോബ് കശീശാ പുതിയ കെട്ടിടത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു

## ചെങ്ങളം പള്ളി തുടർച്ച -1

അതേ തുടർന്ന്അനുവാദം ഇല്ലാത്ത സ്ഥലത്ത് വി.കുർബാനയും മറ്റും നടത്തുന്നു എന്നും പറഞ്ഞ് മേൽ പറഞ്ഞ വ്യക്തികൾ വീണ്ടും കേസു കൊടുത്തു. രണ്ടാമത്തെ കേസിന്റെ അന്വേഷണത്തിനു തഹശീൽദാർ വരുമെന്നറിഞ്ഞു ആ ഒറ്റരാത്രി കൊണ്ട് പള്ളിതറയിൽ ഒരു ഷെഡ് ഉണ്ടാക്കുകയും പിറ്റേ ദിവസം അവിടെ വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയതു. പുതിയതായി നിർമ്മിച്ച കെട്ടിടം വികാരിയച്ചന്റെ താമസസ്ഥലമാണെന്ന് പ്രസ്താവിക്കുകയും ചെയ്തു. തഹസീൽദാർ സ്ഥലം സന്ദർശിച്ച് കുർബാന നടത്തുന്നത് അനുവദിച്ച സ്ഥലത്താണെന്നു് നേരിൽകണ്ട് റിപ്പോർട്ടു ചെയ്തു. ആ കേസ് തള്ളിപ്പോയി. പിന്നീട് ആദ്യത്തെ കേസ് 300 രൂപ നഷ്ടപരിഹാരം കൊടുത്തു ഒത്തുതീർപ്പാക്കുകയും ചെയ്തു.
നെടുംചിറ തൊമ്മൻ ഉതുപ്പ് വാങ്ങിയ നിലം നികത്തി പള്ളി, പള്ളിമുറി, സിമിത്തേരി എന്നിവയുടെ നിർമ്മാണ ചുമതല മുഖ്യമായും മകൻ ഉതുപ്പ് ഇട്ടിക്കും കേസുകളുടെ നടത്തിപ്പു ചുമതല സഹോദര പുത്രൻ എബ്രഹാമിനുമായിരുന്നു.

ചെങ്ങളത്തിൽ പുനരൈക്യം നടക്കുന്ന സമയത്ത് പള്ളിത്തറയിൽ ഒരു ഷെഡ് മാത്രമായിരുന്നു ഉണ്ടായിരുന്നത്. പിന്നീട് യാക്കോബു കത്തനാരുടെ നേതൃത്വത്തിൽ വാടക്കകെത്ത് എബ്രഹാം ഉള്ളപ്പള്ളീൽ ഉതുപ്പാൻ, കൊമർത്തുശ്ശേരിയിൽ തോമസ് എന്നിവർ ചേർന്നു പാടശേഖരങ്ങളിലും കായൽ നിലങ്ങളിലും മറ്റും പോയി സംഭാവനകൾ സ്വീകരിച്ച് പള്ളി ഭിത്തിനിരപ്പു വരെ കെട്ടിപൊക്കുകയും അതിനു മുകളിൽ കമുകും മുളയും ഓലയും കൊണ്ട് മേൽക്കൂര നിർമ്മിച്ചു പള്ളിയാക്കി ഉപയോഗിച്ചു തുടങ്ങി.

ഇങ്ങനെ പള്ളിക്കാര്യങ്ങളും തുടർനിർമ്മാണ പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കേ ഒരു നാൾ കനത്ത മഴയും പേമാരിയും ആഞ്ഞടിച്ച് മേൽകൂരയും ഭിത്തിയും തകർന്നു നിലംപതിക്കയുണ്ടായി. പള്ളിക്കുള്ളിൽ പണി ചെയ്യിച്ചു കൊണ്ടിരുന്ന പുന്നാപ്പിശ്ശേരിയിൽ ഉതുപ്പ് ഇട്ടിയും പണി ചെയ്തു കൊണ്ടിരുന്ന പണിക്കാരും ഒരുപോറൽ പോലും ഏൽക്കാതെ അത്ഭുകരമായി രക്ഷപ്പെടുകയായിരുന്നു.ഇതറിഞ്ഞ അഭിവന്ദ്യ ചൂളപ്പറമ്പിൽ പിതാവ് കുമരകത്തെത്തി അവിടെ നിന്നും മൂന്നു നാലു കളിവള്ളങ്ങളിലായി വള്ളാറപ്പള്ളി ഇടവക്കാരുമായി ചെങ്ങളത്തിലെത്തി.ചെങ്ങളംകാരെ സമാധാനിപ്പിക്കുകയും തകർന്നു കിടന്ന പള്ളിയുടെ ഫോട്ടോ എടുത്തു കൊണ്ടുപോവുകയും ചെയ്തു. തകർന്ന പള്ളിയുടെ ഫോട്ടോ സഹിതം സഹായ അഭ്യർത്ഥന പിതാവ് യൂറോപ്പിലെ പള്ളികളിലേക്ക് അയച്ചു കൊടുക്കുകയും അവിടെ നിന്ന് ഒരു സ്ത്രീയുടെ ഉദാര സംഭാവന ചെങ്ങളം പള്ളിയുടെ പുനർനിർമ്മാണത്തിനായി ലഭ്യമാക്കുകയും ചെയ്തു. ആ യുറോപ്യൻ സ്ത്രീയുടെ സഹായം കൊണ്ടാണ് മനോഹരമായ ഒരു പള്ളി ചെങ്ങളത്തിൽ പുനർനിർമ്മിക്കുവാൻ സാധിച്ചത് എന്ന കാര്യം ചെങ്ങളം പള്ളിക്കാർ ഒരിക്കലും മറക്കുവാൻ പാടില്ലാത്തതാണ്.

പുനരൈക്യത്തിനു വേണ്ടിയുള്ള തന്റെ പരിശ്രമത്തിന്റെ ആദ്യഫലമായിട്ടാണ് ചെങ്ങത്തിലെ സംഘടിപുനരൈക്യത്തെ ചൂ ളപ്പറമ്പിൽ പിതാവു നോക്കി കണ്ടിരുന്നത്. യാക്കോബു കത്തനാരും ലൂക്കോസുബ്രദറും പിതാവന്റെ തെക്കൻ പ്രദേശങ്ങളിലേക്കുള്ള മിഷ്യൻ യാത്രകളിൽ അനുഗമിച്ചിരുന്നു. അതിനാലൊക്കെത്തന്നെ ചെങ്ങളം ഇടവകക്കാരോട് പിതാവിനു പ്രത്യേക ഒരു കരുതൽ ഉണ്ടായിരുന്നു.

വിദേശ സഹായം കൊണ്ട് മനോഹരമായി പുനർനിർമ്മിച്ച

ചെങ്ങളം പള്ളി വെഞ്ചരിച്ചത് അഭിവന്ദ്യ ചൂളപ്പറമ്പിൽ പിതാവായിരുന്നു. അത് ചെങ്ങളം ഗ്രാമത്തിന്റെ ഉത്സവമായാണ് ആഘോഷിച്ചത്.ചെങ്ങളം കുമരകം ഗ്രാമങ്ങളെ ആഹ്ളാദിപ്പിച്ചു കൊണ്ടുള്ള ഒരു എതിരേല്പാണ് അഭിവന്ദ്യ പിതാവിനു ചെങ്ങളം കാർ നൽകിയത്.ചുണ്ടൻ വള്ളങ്ങൾ, ഓടി വള്ളങ്ങൾ, ചുരുളൻ വള്ളങ്ങൾ എന്നിവയുടെ അകമ്പടിയോടുകൂടിയാണു പിതാവിനെ ഇടക്കാട്ടു പള്ളികടവിൽ നിന്നും എതിരേറ്റു കൊണ്ടു പോന്നത്.
മീനച്ചിലാറിന്റെ കൈവഴികളെ പുളകം കൊള്ളിച്ചുകൊണ്ട് വഞ്ചിപ്പാട്ടുകൾ താളത്തിൽ പാടി കുമരകത്തിന്റെ കിഴക്കേ അതിർത്തിയിലൂടെ മൂവർകാട്ട് പാടശേഖരങ്ങളെചുറ്റി ശാഖാ തോ കളിലൂടെ ആഘോഷത്തിമിർപ്പിലാണ് ചെങ്ങളം പള്ളി കടവിൽ തിരുമേനിയേ എത്തിച്ചത്.
പള്ളി കടവിൽ നിന്നും ആചരാ വെടികളോടും കുരിശ് മുത്തുകുടക, കൊടികൾ, പള്ളിമണിനാദങ്ങൾ എന്നിവയുടെ അകമ്പടിയിൽ ഇരുവശവും തോരണങ്ങളാലം പൂച്ചെടികളാലും മനോഹരമാക്കിയ മണൽ വിരിച്ച പാതയിലൂടെയാണ് പിതാവിനെ പള്ളിയിലേക്ക്എതിരേറ്റത്.
പള്ളി പുരയിടത്തിലെ തൈ തെങ്ങുടെ കുഞ്ഞോലകളും ചെറു വ്രുക്ഷങ്ങളുടെ തളിരലകളും ഇളം തെന്നലിൽ എല്ലാവരേയും മാടി വിളിക്കുന്ന ഒരു ദിവ്യാനുഭൂതിയാണ് അന്നവിടെയുണ്ടായിരുന്നത്.ഈ ദിവ്യാനുഭൂതിയിലാണ് ഭക്തിനിർഭരവും മനോഹരവുമായ പള്ളി വെഞ്ചരിപ്പു നടന്നത്.

അതിവിശാലമായ കുട്ടനാടൻ പാടശേഖരങ്ങളുടെ നടുവിൽ ഒരു സ്വപ്ന ദ്വീപായിരുന്നു പള്ളിപുരയിടം. അതിന്റെ ധ്യാനാത്മക ശാന്തതയും ഗ്രാമീണ ശാലീനതയും പാരിസ്ഥിതിക സൗന്ദര്യമായിരിക്കാം അഭിവന്ദ്യചൂളപ്പറമ്പിൽ പിതാവിനു നല്ല ഇടയനോടു ചേർത്ത് "ഗദ് സെമൻപള്ളി " എന്നു നാമകരണം ചെയ്യുവാൻ പ്രചോദനമായത്. ഇതേ

കാരണങ്ങൾ തന്നെയായിരിക്കണം ഒളശക്കാരനുംതിരുവല്ലാ രൂപതയുടെ ആദ്യമെത്രാനുമായഅഭിവന്ദ്യ തെയോഫിലീസ് തിരുമേനിക്കു തന്റെ പുനരൈക്യ പ്രാരംഭ ഏകാന്തധ്യാനത്തിനായി ചെങ്ങളം  പള്ളിയും പള്ളിമുറിയും തിരഞ്ഞെടക്കുവാൻ പ്രേരിപ്പിച്ചത്.

ഇത്രയും വലിയ ഒരു വരവേല്പ്പ് രൂപതയിൽ ആദ്യമായിട്ടായിരുന്നു.

**ചെങ്ങളം പള്ളി തുടർച്ച 2**

പ്രൗഢഗംഭീരവും ഭക്തി സാന്ദ്രവുമായ ഈ എതിരേല്പ്പ് വിജയകരമാക്കിയത് വാടക്കകെത്തു എബ്രഹാമിന്റെ നേതൃത്വപാഠഭവും അന്യമതസ്തരായ കണിയാൻ പറമ്പിൽ കുഞ്ഞൻ, വട്ടത്തിൽ കുഞ്ഞൻ ചിലമ്പട്ടുശ്ശേരിയിൽ കൊച്ചു കൊച്ച്, കൊല്ലംകേരിയിൽ കുഞ്ഞൻ എന്നിവരുടെ ആത്മാർത്ഥ സഹകരണവുമാണെന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു.

യക്കോബായ പള്ളി കത്തോലിക്കാ പള്ളിയാക്കുന്നതിനു നിർണായക പങ്കുവഹിച്ചത് കുട്ടോല മഠത്തിൽ ചാക്കോയുടെ നേതൃത്വവും  കൊമർത്തുശേരിയിൽ, മണലേൽ ചിറയിൽ, മേനോൻ പറമ്പിൽ, പട്ടശ്ശേരിയിൽ, കളപ്പുരതട്ടേൽ, കളത്തിൽ പറമ്പിൽ കുടുംബക്കാരുടെ സഹകരണവുമാണ്. എങ്കിലും സമ്പൂർണ അന്ത്യോഖ്യൻ റീത്തല്ലാനടപ്പാക്കിയത് എന്ന് പ്രതിക്ഷേധിച്ച് കുട്ടോലമഠത്തിൽ ചാക്കോയും കുടുംബവും യാക്കോബായ സഭയിലേക്ക് തിരിച്ചു പോയി.
 അക്കാരണത്താൽ തന്നെ മറ്റും പല കുടുംബങ്ങളും മടങ്ങിപ്പോവകയുണ്ടായി. ഈ കുടുംബങ്ങടെയൊക്കെ തിരിച്ചുവരവിനു അഭിവന്ദ്യ ഗീവർഗീസ് മാർ അപ്രേം തിരുമേനിയുടെ പ്രവർത്തനങ്ങൾ പ്രേരകമാകട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കണമെന്നു കൂടി ഈ അവസരത്തിൽ അഭ്യർത്ഥിച്ചു കൊള്ളുന്നു.അതു പോലെ തന്നെ പള്ളി കേസുകളിൽ നിധീരിക്കൽ വക്കീൽ, മാക്കീൽ തോമസ് വക്കീൽ എന്നിവരുടെ സഹായങ്ങളും നന്ദിയോടെ അനുസ്മരിക്കുന്നു.
ചെങ്ങളം പള്ളിയുടെ ചരിത്രം
പ്രഥമ വികാരിയായിരുന്ന വന്ദ്യ ശ്രീ യാക്കോബ് കത്തനാരോട് (മോൺ.ജയിക്കബ് നെടുംചിറ) ചേർന്നിരിക്കുന്നു.

ആഘോഷമായ പള്ളിക്കൂദാശക്കു ശേഷം വികാരി നെടുംചിറ യാക്കോബു കത്തനാർ പള്ളി, പള്ളിമുറി, ശവക്കോട്ട എന്നിവയോടുചേർന്നു കിടന്ന നിലങ്ങൾ കൂടി നികത്തി പള്ളിപുരയിടം വിസ്തൃതമാക്കി.അവിടെ ഫല വ്രുക്ഷതൈകൾ നട്ടുനനച്ച് ഗദ്സെമൻ തോട്ടത്തിന്റെ മനോഹാരിത വർദ്ധിപ്പിച്ചു കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ പള്ളി ഭരണം വളരെ കൃത്യനിഷ്ഠയുള്ളതും ഭക്തിനിർഭരവും വിജ്ഞാനദായകവും ആയിരുന്നു. ഒന്നാം മണി കേൾക്കുമ്പോൾ ഒരുങ്ങണം രണ്ടാം മണിക്കിറങ്ങണം, മൂന്നാം മണിക്കൂപള്ളിയിൽ എത്തിയിരക്കണം. ഇതായിരുന്നു വികാരിയുടെ നിർദ്ദേശം.ഇടവകക്കാർ സന്തോഷപൂർവം ത്യാഗങ്ങൾ സഹിച്ചു പാടവരമ്പുകളിലൂടെ നടന്നും ചെറുതും വലിയതുമായ വള്ളങ്ങളിലുമായി കൃത്യസമയത്തു പള്ളിയിൽ എത്തുമായിരുന്നു.പ്രഭാത പ്രാർത്ഥനക്കു ശേഷം ഇടവകക്കാരുടെ അറിവിലേക്കായി വജ്ഞാന വായനകൾ നടത്തിയിരുന്നു.അതിനു ശേഷമാണ് വി.കുർബാന ആരംഭിച്ചിരുന്നത്. ഒരു ദിവസം ഒരു വീട്ടുകാർ എന്ന ക്രമത്തിൽ ദിവസവും പള്ളിയിൽ രാത്രി ഒരു മണിക്കർ  ആരാധന നടത്തിയിരുന്നു. തിരുഹൃദയ സഭ, ഉത്തരീയ സഭ, ചെറുപുഷ്പ മിഷ്യൽ ലീഗ്, സെന്റ് വിൻസൺ ഡിപ്പോൾ, എന്നീ സംഘടനകളും ഈ ചെറിയ സമൂഹത്തിൽ അദ്ദേഹം സ്ഥാപിച്ചു പരിപാലിച്ചു പോന്നു.അതു പോലെ തന്നെ പിന്നീട് ക്നാനാനായ കത്തോലിക്കാ കോൺഗ്രസും ലീജിയൻ ഓഫ് മേരിയും ആരംഭിച്ചു.

ഇതേ കാലഘട്ടത്തിൽ ഇടക്കിടക്ക് അഭിവന്ദ്യ ചൂളപ്പറമ്പിൽ പിതാവിന്റെ തെക്കൻ പ്രദേശങ്ങിലെ മിഷ്യൻ പ്രവർത്തന യാത്രകളെ അനുഗമിക്കുകയും ചെയ്തിരുന്നു. അപ്പോൾ പിതാവ് ചെങ്ങളത്തിലെ ശിശ്രൂഷകൾക്കായി രൂപതയിലെ വൈദീകരെ അയച്ചിരുന്നു.മുഖ്യമായും തിരുഹൃദയദാസ സമൂഹത്തിലെ വൈദീകരെയാണ് അയച്ചിരുന്നത്. ആ

സമൂഹത്തിന്റെ മിഷൻ പ്രവർത്തനത്തിനും സമൂഹത്തിന്റെ നിലനിൽപ്പിനും കൂടിയായിരുന്നു അത്.
കോട്ടയം സീറോ മലബാർ അതിരൂപതയിൽ രണ്ടു റീത്തുകൾ ഉണ്ടെന്നു പറയുന്നതു പേലെ ചെങ്ങളം മലങ്കര പള്ളിയിലും രണ്ടു റീത്തുകൾ ഉണ്ടെന്നു പറയാം. ചെങ്ങളം പള്ളിയിൽ അന്ത്യോക്യൻ റീത്താണു പരികർമ്മം ചെയ്യപ്പെടുന്നതെന്നു മനസിലാക്കിത്തന്നെ കുമരകം വള്ളാറപ്പള്ളി ഇടവകക്കാരായ തഴെ പറയുന്ന കുടുംബക്കാരും ചൂളപറമ്പിൽ പിതാവിനോട് അപേക്ഷിച്ചതനുസരിച്ച് കല്പിച്ചനുവദിച്ചു ചെങ്ങളം പള്ളിയിൽ ഇടവക ചേർന്നിട്ടുണ്ട്. ആ പിതാക്കന്മാരാണ്
1. പൂങ്കശ്ശേരിയിൽ ഔസേഫ്.
2. പൂങ്കശ്ശേരിയിൽ കോര.
3. പൂങ്കശ്ശേരിയിൽ ചീര .
4. പൂങ്കശ്ശേരിയിൽ കുട്ടൻ.
5. പൂങ്കശ്ശേരിയിൽ കൊച്ചുമത്തായി.
6. മണ്ണാന്തറ കുട്ടൻ.
7. കൊച്ചു മണ്ണാന്തറ മത്തായി.
8. മറുതാപറമ്പിൽ കുട്ടൻ.
ഈ പശ്ചാത്തലത്തിലാണ് അഭിവന്ദ്യ അതിരൂപതാ അദ്ധ്യക്ഷൻ മാർ മൂലക്കാട്ടിൽ വലിയ പിതാവിന്റെകഴിഞ്ഞ ഔദ്യോഗിക ഇടവക

സന്ദർശന സമയത്തുന്നയിച്ച ഒരു ചോദ്യത്തിത്തിന്റെ ഉത്തരമായി ഇപ്രകാരം അസന്നിഗ്ദമായി പ്രഖ്യപിച്ചത്." ഇതു റീത്തു പള്ളിയാണ്. അതു മാറ്റുവാൻ ആർക്കും സാധിക്കത്തില്ല. ഇവിടത്തെ ശിശ്രൂഷ മലങ്കര റീത്തിലായിരിക്കേണ്ടത് സഭയുടെ നിയമമാണ് ".

1953-ൽ അന്നു പൗരസ്ത്യ തിരുസംഘത്തിന്റെ തലവനായിരുന്ന അത്യുന്നത കർദ്ദിനാൾ ടിസറന്റു

തിരുമനസ്സുകൊണ്ട് കോട്ടയം രൂപത സന്ദർശിച്ചപ്പോൾ മലങ്കരക്കാരെപറ്റി പറഞ്ഞത് " ഈ സമൂഹത്തിന്റെ ചരിത്രം എനിക്കറിയാം അതിനാൽ ഞാൻ ഇവരെ അത്യധികം സ്നേഹിക്കുന്നു" എന്നാണ്.അദ്ദേഹം കോട്ടയം മെത്രാനിലൂടെ മലങ്കര ഇടവകക്കാർക്കു പ്രത്യേ സാമ്പത്തിക സഹായം നൽകുകയും ചെയ്തു. അങ്ങനെ ചെങ്ങളത്തിനു ലഭിച്ച സഹായം ഉപയോഗിച്ച് വികാരി ബ.മോൺസിഞ്ഞോർ പള്ളി പരിഷ്ക്കരിക്കുകയും അതിനൊരു മോണ്ടളം കൂടി നിർമ്മിക്കുകയും ചെയ്തു.അതോടു ചേർത്താണ് പ്പോഴത്തെ സെല്ലാർ പണിതിരിക്കുന്നത്.

**ചെങ്ങളം പള്ളി തുടർച്ച 3.**

ബ.മോൺസിഞ്ഞോർ പള്ളിക്കാര്യത്തിൽ മാത്രമല്ല ശ്രദ്ധിച്ചിരുന്നത്.അദ്ദേഹംചെങ്ങളം ഗ്രാമത്തിന്റെ സമഗ്രവികസ പ്രവർത്തനങ്ങളിലും സജീവ നേതൃത്വം വഹിച്ചിരുന്നു. ഏനാതി മുതൽ മഹിളാസമാജം വരെയുള്ള റോഡിന്റെയും പാലങ്ങളുടേയും നിർമ്മാണത്തിനും ആണ്ടുതോറും ഉള്ള പരിചരണത്തിനുമായി സേവനവാരത്തിൽ സേവാദൾ കാരുടേയുക മറ്റും സേവനം ഉറപ്പു വരുത്തിയിരുന്നു.ചെങ്ങളത്തിലെ പ്രാഥമിക ചികിത്സാ കേന്ദ്രവും മഹിളാസമാജവും അതിലെ പ്രീ പ്രൈമറി വിദ്യാഭ്യാസവുമൊക്കെ  അദ്ദേഹത്തിന്റെ പരിശ്രമം കൊണ്ട് തുടങ്ങിയതാണ്.അതിനദ്ദേഹത്തിന് അന്നു തിരുവാർപ്പു പഞ്ചായത്തുപ്രസിഡന്റായിരുന്ന ചെങ്ങളം സെന്റ് തോമസ് യാക്കോബായ പള്ളി വികാരിയും കോട്ടയം സി.എം.എസ്.കോളേജു പ്രൊഫസറുമായിരുന്ന റവ. ഫാ.പുളിക്കപ്പറമ്പിൽ P.P .ജോസഫ് അച്ചന്റെ സഹായവും നാട്ടുകാരായ വട്ടത്തിൽ ജനാർദ്ധനൻ, പണിക്കരുസാറ്, കാർത്തിയാനിയമ്മ ടീച്ചർ എന്നിവരുടെ സഹകരണവും ഉണ്ടായിരുന്നു. ഇവയൊക്കെ മരവിച്ച സ്മാരകമായി ഇപ്പോഴും നിലകൊള്ളുന്നു.

പള്ളിയേപ്പറ്റി വീണ്ടും പറയുകയാണെങ്കിൽ ബ. മോൺസിഞ്ഞോറച്ചന്റെ കാലത്താണ് ഈപള്ളിയിലെ മലങ്കരക്കാരിൽ നിന്നും ഒരു വൈദീകനും ഏതാനം സന്യസ്തരും ഉണ്ടായത്. അവരിലെ വൈദീകനാണ് കവികളിലെ വൈദീകനും  വൈദീകരിലെ കവിയുമായി പ്രശസ്തനായ മഹാകവി റവ.ഫാ.ജോസഫ് നെടുംചിറ എന്ന നെടുംചിറകൊച്ചച്ചൻ. നിർഭാഗ്യവശാൽ, അദ്ദേഹത്തെ സീറോ മലബാർ വൈദീകനായിട്ടാണ് അഭിഷേകം ചെയ്തത്.

തിരുഹൃദയ ദാസ സമൂഹത്തിലും സിറോ മലബാർപള്ളികളിലുമാണ് അദ്ദേഹം സേവനം ചെയ്തത് .സന്യസ്തർ പരേതരായ അരവിന്തശ്ശേരി സി.എഫ്രേം എസ്. വി എം., അരവിന്തശ്ശേരി ബ്രദർ. ഗബ്രിയേൽ മേരി, വലിയകുന്നക്കൽ സി.സേവ്യർ എന്നിവരും ഇപ്പോൾ ബോപ്പാലിൽ സേവനം ചെയ്തു കൊണ്ടിരിക്കുന്ന കാരുവള്ളികളത്തിൽ ബ്രദർ.ഡോൺ ബോസ്ക്കോയുമാണ്. 1975 മെയ് 11ന് അഭിവന്ദ്യ മോൺ.ജയിക്കബ് നെടുംചിറ തന്റെ നിത്യവാസസ്ഥലത്തേക്കു വിടവാങ്ങി.അതിനു ശേഷം ചെങ്ങളം പള്ളിയിലെ മലങ്കര ക്രമത്തിന് തുടർച്ചയില്ലായിരുന്നു. ഇടവേളകളിൽ  മാത്രമായിരുന്നു മലങ്കര ശിശ്രൂഷകൾക്കു വൈദീകരെ ലഭിച്ചിരുന്നത്. അതിനാൽ മലങ്കര ക്രമം പിൻതലമുറകൾക്കു ക്രമേണ അന്യമായി തുടങ്ങി. അഭിവന്ദ്യ മൂലക്കാട്ടു പിതാവിന്റെ കാലത്താണ്  മലങ്കര ക്രമം മറ്റുവൈദീകരെ പഠിപ്പിച്ചു മലങ്കര പള്ളികളിൽ വിടുന്നതിനു ആരംഭം കുറിച്ചതും മലങ്കര ക്നാനായക്കാർക്കൊരു മേലദ്ധ്യക്ഷനു വേണ്ടിയുള്ള തീവ്രശ്രമം തുടങ്ങിയതും.മറ്റു ജോലികൾ ഉണ്ടായിരുന്ന പാർട്ട്റൈം മലബാർ റീത്തു വൈദീകരായിരുന്നു വികാരിമാരായി വളരെക്കാലം ചെങ്ങളത്തിൽ വന്നു കൊണ്ടിരുന്നത്.

അങ്ങനെയുള്ള ഒരു വേളയിലാണ് ഒരു കന്യാസ്ത്രി പള്ളിയിലേക്ക് വരമ്പിലൂടെ നടന്നു വരുന്ന വഴിക്കു ചെളിയിൽ കാലു തെറ്റി വസ്ത്രത്തിൽ ചെളി പറ്റിയത്. പള്ളിയിലേക്ക് മോട്ടോർ വാഹന സൗകര്യം ഇല്ല എന്നും പള്ളി വാഹന സൗകര്യം ഉള്ള സ്ഥലത്തേക്കു മാറ്റി സ്ഥാപിക്കണമെന്നും പൊതുയോഗത്തിൽ അഭിപ്രായം ഉണ്ടായി. നമ്മുടെ പൂർവപിതാക്കന്മാരെ അവിടെ ഉപേക്ഷിച്ചു പോകേണ്ടി വരുമല്ലോ എന്ന സങ്കടം;അവരെയും പുതിയ പള്ളിയോടു ചേർത്തു പണിയുന്ന ആദുനിക സിമിത്തേരിയിലേക്ക് കൊണ്ടു

വരാം എന്നു ജനങ്ങള തെറ്റിദ്ധരിപ്പിച്ചുപൊതുയോഗ തീരുമാനം അരമനയിൽ അയച്ചു അംഗീകാരം വാങ്ങുകയാണുണ്ടായത്. വികാരി എല്ലാ വർഷവും അമേരിക്കയിൽ പോയി വന്നിരുന്ന ആളായിരുന്നതിനാൽ അദ്ദേഹത്തിൽ നിന്നു നല്ല സാമ്പത്തിക സഹായം ലഭിക്കുമെന്നും ഇടവകക്കാർ തെറ്റിദ്ധരിച്ചിരുന്നു. എന്തായാലും ആ പ്രദേശത്തിന്റെ വികസനത്തിനു കാരണമായേക്കാമായിരുന്ന പള്ളി പൊളിച്ച് ഇപ്പോൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തു പുനർനിർമ്മിച്ചു. ചെങ്ങളം പള്ളിക്കു മാറാണൂർ എബ്രാഹം എന്ന പിതാവു് സൗജന്യമായി നൽകിയ 10 സെന്റു കരിപ്പുറത്തു പുരയിടവും അതിനു വേണ്ടി വിറ്റുപോയി. ചെങ്ങളം പള്ളിയേ അന്നാട്ടുകാർ വിളിച്ചിരുന്നത് കണ്ടത്തിൽ പള്ളിയെന്നും നെടുംചിറ പള്ളി എന്നുമായിരുന്നു. പള്ളി പൊളിച്ചു കൊണ്ടുപോയതിനാൽ ഈ പേരുകൾ മാറിക്കിട്ടി. ഈ ലേഖകനു പ്രാഥമിക മതബോധനം ലഭിച്ചപഴയ പള്ളിയുടെ ഭക്തിനിർഭരവും ശാന്ത സുന്ദരവുമായ അന്തരീക്ഷത്തെ ഓർക്കുമ്പോൾ മനസ്സിൽ ഉദിച്ചു വരുന്നത് ഒരു കവിതാ ഭാഗമാണ്.

ഒരുവട്ടം കൂടിയെൻ ഓർമ്മകൾ മേയുന്ന
തിരുമുറ്റത്തെത്തുവാൻ മോഹം -----------
വെറുതെയീ മോഹങ്ങളെന്നറിയുമ്പോഴും
വെറുതെ മോഹിക്കുവാൻ മോഹം.

ചെങ്ങളം പള്ളിയിൽ ശിശ്രൂഷ ചെയ്ത എല്ലാ വൈദീകരേയും സന്യസ്തരേയും കൃതജ്ഞതയോടെ സ്മരിക്കുന്നു. നന്ദിയുടെ പൂക്കൾ സമർപ്പിക്കുന്നു.അതു പോലെ തന്നെ മറ്റു ഭാരവാഹികൾക്കും നന്ദി അർപ്പിക്കുന്നു. വിശിഷ്യാ കൽദായ സുറിയാനി, സീറോ മലബാർ, അന്ത്യോഖ്യൻ മലങ്കര റീത്തുകളിൽ ഒരു പോലെ ദേവാലയ ശിശ്രൂഷകരായിരുന്ന പരേതരായ പള്ളിച്ചിറയിൽ ( നാല്പറയിൽ ) ഉണ്ണൂട്ടൻചേട്ടൻ, പള്ളിച്ചിറയിൽ കുട്ടപ്പിചേട്ടൻ പള്ളിച്ചിറയിൽ ദേവസ്യാ

എന്നിവർക്കു പ്രത്യേകം ആദരഞ്ജലികൾ അർപ്പിച്ചു കൊള്ളുന്നു. ഈഴവനായിരിക്കെ കത്തോലിക്കാ സഭയിൽ ചേർന്നു പള്ളിയിൽ വന്നു കൂദാശകൾ സ്വീകരിക്കയും വികാരി യാക്കോബ് കത്തനാരുമായി സദാ ചർച്ച നടത്തുകയും ചെയ്തിരുന്ന ചെങ്ങളം വേങ്ങടത്തറ യേശുദാസൻ എന്ന കാഷായ വേഷധാരി സന്യാസിയേയും ആദരവോടെ ഓർക്കുന്നു.

കൊടുവത്ര തോമസുകുട്ടി.